## പാഠം – 13

## നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങി വരവ്

**ശബ്ബത്ത് സായാഹ്നം** **ജൂൺ 23**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** യെശ. 13:6, 9; മത്താ.24:30,31; ദാനീ. 2:34, 35; 2 തിമോ. 4:6–8; 2 തെസ്സ. 1:7–10.

**മനഃപാഠവാക്യം: "മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും" (മത്താ. 24:27).**

കവി റ്റി. എസ്. എല്ല്യറ്റ്, ഒരു കവിത തുടങ്ങുന്നത് ഇങ്ങനെ: "എന്റെ തുടക്കത്തിലാണെന്റെ ഒടുക്കവും." വരികൾ എത്ര ചുരുക്കം എങ്കിലും വാക്കുകൾ അതിശക്തമായ സത്യം ഉൾക്കൊള്ളുന്നു. തുടക്കത്തിൽ തന്നെ ഒടുക്കവുമുണ്ട്. സെവൻത് ഡേ അഡ്വന്റിസ്റ്റ് എന്ന പേരിൽ തന്നെ ഇതുണ്ട്. പത്തുകല്പനകളിലെ ശബ്ബത്തിനെ സൂചിപ്പിക്കുന്ന "സെവൻത് ഡേ", ആറു ദിന സൃഷ്ടികർമ്മത്തിലൂടെ ഭൂമിയിൽ ജീവൻ ഉണ്ടായതിന്റെ സ്മരണ ആഴ്ചതോറും പുതുക്കുന്നു. "അഡ്വന്റിസ്റ്റ്" എന്ന വാക്കോ ക്രിസ്തുവിന്റെ വീണ്ടും വരവിനെ സൂചിപ്പിക്കുന്നു. നിത്യജീവനും തിരുവചനത്തിലെ സകല വാഗ്ദത്തങ്ങളും പ്രതീക്ഷകളും ഇവിടെ സഫലമാകുന്നു.

കാലമാപിനിയിൽ ലോകാരംഭം (നമ്മുടെ തുടക്കം), യേശുവിന്റെ രണ്ടാം വരവിൽ നിന്ന് എത്ര ദൂരെയെങ്കിലും (നമ്മുടെ അന്ത്യം, കുറഞ്ഞ പക്ഷം ഈ പാപാവസ്ഥയിൽ നിന്നു മോചനം), രണ്ടും ബന്ധപ്പെട്ടു കിടക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവം (യോഹ. 1:1–3), തന്നെ ഞൊടിയിടയിൽ മടങ്ങി വന്ന് ''കാഹളനാദത്തിങ്കൽ, കണ്ണിമയ്ക്കുന്നതിനിടയിൽ'' (1കൊരി.15:52), അവസാന വീണ്ടെടുപ്പ് നടത്തും. ചുരുക്കത്തിൽ തുടക്കത്തിൽ തന്നെ ഒടുക്കവും കണ്ടെത്താം.

ഈയാഴ്ച അന്ത്യകാല സംഭവങ്ങളിൽ ഒടുവിലത്തേതാവും പഠിക്കുക. കുറഞ്ഞത് ഇന്നത്തെ ലോകത്തെക്കുറിച്ച് പറഞ്ഞാൽ: നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവാണത്.

☞*ഈയാഴ്ചയിലെ പാഠം പഠിച്ച് ജൂൺ 30–ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **ജൂൺ 24**

### കർത്താവിന്റെ ദിവസം

യേശുക്രിസ്തുവിന്റെ രണ്ടാം വരവ് ഒരു പുതിയ നിയമ പഠിപ്പിക്കലാണെന്ന് ചിന്തിക്കുവാൻ എത്ര ശ്രമിച്ചാലും സത്യമല്ല. ആദ്യവരവിൽ, ക്രൂശുമരണത്തിനും ഉയിർപ്പിനും ഉത്ഥാനത്തിനും ശേഷം മാത്രമാണ് രണ്ടാം

വരവിനെ സംബന്ധിക്കുന്ന സത്യം കൂടുതൽ തെളിവുള്ള പൂർണ്ണചിത്രമായി നൽകിയത്. പുതിയ നിയമത്തിൽ ഇതിലുപരി ഉണ്ടെങ്കിലും, പഴയ നിയമത്തിൽ ഈ നിർണ്ണായക സത്യത്തിന്റെ സൂചനകളും നിഴലുകളും കാലേ കൂട്ടി നൽകിയിട്ടുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് പുതിയ നിയമ രചയിതാക്കൾ ഒരു പുതു സത്യമല്ല വെളിപ്പെടുത്തിയത്. ബൈബിളിൽ നേരത്തെ തന്നെ വെളിപ്പെടുത്തപ്പെട്ട ഒന്നിനെ അടിവരയിട്ടുറപ്പിക്കുക മാത്രമാണ് ചെയ്തത്. ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ രക്ഷകന്റെ വെളിച്ചത്തിൽ നിന്നു മാത്രമേ ഇന്ന് രണ്ടാം വരവിന്റെ വാഗ്ദാനത്തെ പൂർണ്ണമായി മനസ്സിലാക്കാനും അംഗീകരിക്കാനും സാധിക്കൂ.

**തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് എന്ത് പഠിപ്പിക്കുന്നു?** യെശ. 13:6,9; സെഖ. 14:9; ദാനീ. 12:1.

നഷ്ടപ്പെട്ടുപോയവർക്ക്, "കർത്താവിന്റെ ദിവസം" നാശത്തിന്റെയും വിലാപത്തിന്റെയും കെടുതികളുടെയും ദിവസമായിരിക്കുമെന്നതിൽ തർക്കമില്ല. എന്നാൽ, "പുസ്തകത്തിൽ പേരെഴുതപ്പെട്ടവർക്ക്" (കാണുക ഫിലി. 4:3, വെളി. 3:5, 13:8), ദൈവജനത്തിന് വിടുതലിന്റെ ദിവസമാണ്. "കർത്താവിന്റെ ദിവസം" ദുഷ്ടർക്ക് ന്യായവിധിയുടെ ദിനവും ദൈവവിശ്വസ്തർക്കോ സംരക്ഷണവും പ്രതിഫലവും ലഭിക്കുന്ന ദിനമായിരിക്കുമെന്നും പഴയ നിയമത്തിലുണ്ട്. ഉദാഹരണത്തിന്, ചിലർ "യഹോവയുടെ ഉഗ്രകോപം" നേരിടേണ്ടിവരുമെങ്കിലും, "നീതി അന്വേഷിക്കുകയും", "സൗമ്യത തേടുകയും" ചെയ്യുന്നവർക്ക് "യഹോവയുടെ കോപ ദിവസത്തിൽ മറഞ്ഞിരിക്കാം" (സെഫ. 2:1-3).

**മത്തായി 24:30,31 വായിക്കുക. ഇതേ വൈരുദ്ധ്യങ്ങളുടെ വേർതിരിവ് യേശുവിന്റെ രണ്ടാം വരവിൽ, നഷ്ടപ്പെടലും വീണ്ടെടുക്കലും ഈ വാക്യങ്ങൾ എങ്ങനെ കാണിക്കുന്നു?**

**അന്ത്യകാല സംഭവങ്ങളിൽ ഏതു ഭാഗത്താണ് നമ്മൾ എന്ന് പ്രകടമാകും. ശരിയുടെ പക്ഷത്താണെന്ന് ഉറപ്പാക്കാൻ എന്ത് തിരഞ്ഞെടുപ്പുകൾ നടത്തണം?**

**തിങ്കൾ** **ജൂൺ 25**

## ദാനീയേലും യേശുക്രിസ്തുവിന്റെ രണ്ടാം വരവും

യേശുക്രിസ്തുവിന്റെ കാലത്ത് മശിഹാ റോമരെ തകർത്ത് സകല രാഷ്ട്രങ്ങളെക്കാളും ശക്തമായ ഇസ്രായേൽ രാജ്യം സ്ഥാപിക്കുമെന്ന് അനേകം യഹൂദർ പ്രതീക്ഷിച്ചു. പക്ഷെ യേശുവിന്റെ ഇരു വരവുകളും അതിനല്ല. പാപത്തിൽ വീണ ലോകം പുനഃക്രമീകരിക്കുന്നതിനുമപ്പുറം വിശ്വസ്ത ജനത്തിന് ദൈവപക്കൽ അതിലും വലുതെന്തൊ ഉണ്ട്.

ദാനീയേൽ രണ്ടിലെ പോലെ പഴയ നിയമത്തിലൊന്നും ഇത്ര വ്യക്തമായി ഈ സത്യത്തെക്കുറിച്ച് പറയുന്നില്ല. അതായത് പുതിയ ലോകം പഴയതിന്റെ തുടർച്ചയല്ല, സമൂലം വ്യത്യസ്തമായ പുതിയ ഒന്നാണ്.

ദാനീയേൽ രണ്ടാം അദ്ധ്യായം നാല് ലോകസാമ്രാജ്യങ്ങളുടെ ഉയർച്ച താഴ്ച്ചകളെ കാട്ടിത്തരുന്നു - ബാബിലോൺ, മേദ്യ-പേഴ്സ്യ, ഗ്രീക്ക് ഒടുവിൽ റോം, ഇന്ന് ആധുനിക യൂറോപ്യൻ രാഷ്ട്രങ്ങളായി ചിതറി കിടക്കുന്നു. എന്നിരുന്നാലും, നെബൂഖദ്നേസ്സർ സ്വപ്നം കണ്ട പ്രതിമ ഈ നാല് ലോകശക്തികളുടെ വരവിനെ സൂചിപ്പിച്ചു. സ്വപ്നം തീരുന്നത് ഈ ലോകവുമായുള്ള ബന്ധം വിടുവിക്കുന്ന തകർപ്പൻ രീതിയിലാണ്. യേശുവിന്റെ രണ്ടാം വരവിനു ശേഷം വരുന്ന ലോകത്തെയും കാണിക്കുന്നു.

**ദാനീയേൽ 2:34,35,44,45 വായിക്കുക. ഈ ലോകവിധിയും പുതിയ ലോകപ്രകൃതിയും, ഈ വാക്യങ്ങൾ എന്ത് പഠിപ്പിക്കുന്നു?**

യേശു വീണ്ടും വരുമ്പോൾ സംഭവിക്കുന്നതെന്തെന്ന അവ്യക്തതകളൊന്നും ഈ വാക്യങ്ങൾ അവശേഷിപ്പിക്കുന്നില്ല. ലൂക്കോസ് 20:17,18 വാക്യങ്ങളിൽ സ്വയം ഈ കല്ലിനോട് യേശു ഉപമിക്കുന്നു. ഭൂമിയിൽ ശേഷിച്ചതെല്ലാം അത് ധൂളിപ്പിച്ചു. ദാനീയേൽ 2:35 അരാമ്യ ഭാഷയിൽ ഇങ്ങനെ വായിക്കുന്നു, സ്വർണ്ണവും, വെള്ളിയും, കളിമണ്ണും ഇരുമ്പും ചെമ്പും പൊടിച്ച ശേഷം അവ “മെതിക്കളത്തിലെ ഉമി പോലായി; കാറ്റ് അതിനെ പാറ്റിക്കളഞ്ഞു, അവ പിന്നെ കണ്ടതേയില്ല.” അതായത്, യേശു മടങ്ങി വന്ന ശേഷം ലോകത്തിന്റേതായതൊന്നും ശേഷിക്കില്ല.

അതേസമയം, പഴയ ലോകത്തിന്റെ പൊടിപോലും ശേഷിപ്പിക്കാഞ്ഞ ആ കല്ല് “ഒരു മഹാപർവ്വതമായി, സർവ്വലോകത്തിലും നിറഞ്ഞു.” രണ്ടാം വരവിനെത്തുടർന്ന് ഉണ്ടാകുന്ന ഈ സാമ്രാജ്യം “ഒരിക്കലും തകർക്കപ്പെടുകയില്ല” “അത് നിലനിൽക്കും” (ദാനീ. 2:44).

ഭൂമിയിൽ എന്നാളും ജീവിച്ച മനുഷ്യരെ ഒരന്ത്യം മാത്രമാണ് കാത്തിരിക്കുന്നത്. ഒന്നുകിൽ നിത്യതയിൽ യേശുവിനൊപ്പം അല്ലെങ്കിൽ പഴയ ലോകത്തിന്റെ പാറിപ്പോയ ഉമിക്കൊപ്പം ശൂന്യതയിൽ ലയിക്കും. ഏതു വിധേനയും നിത്യത ഏവരെയും കാത്തിരിക്കുന്നു.

**ചൊവ്വ** **ജൂൺ 26**

## ദീർഘകാല ദർശനങ്ങൾ

**തീത്തൊ. 2:13 വായിക്കുക. എന്ത് വൻപ്രത്യാശയാണിവിടെ, എന്തുകൊണ്ട്?**

പ്രപഞ്ച ഉൽപത്തിയുടെ വിശ്വാസപ്രമാണങ്ങൾ വിവരിച്ച് ഒരു കോളജദ്ധ്യാപകൻ വിശദീകരിച്ചു. 13 ദശലക്ഷം വർഷങ്ങൾ മുമ്പ് “അതി

സൂക്ഷ്മ സാന്ദ്രതയുള്ള പിണ്ഡം ശൂന്യതയിൽ നിന്ന് പൊന്തി വന്നു. അത് പൊട്ടിത്തെറിച്ചു. ആ സ്ഫോടനത്തിലൂടെ പ്രപഞ്ചമുണ്ടായി.” ഈ “അതിസൂക്ഷ്മ സാന്ദ്രതയുള്ള പിണ്ഡം” ശൂന്യതയിൽ നിന്ന് എങ്ങനെ യുണ്ടായി എന്ന് മാത്രം അധ്യാപകന് പറയാനായില്ല. അത് സംഭവിച്ചുവെന്ന് അദ്ദേഹം ഒരു വിശ്വാസത്താൽ കരുതി, അത്രമാത്രം.

ഈയാഴ്ചയിലെ ആമുഖത്തിൽ ശ്രദ്ധിച്ചതു പോലെ, തുടക്കത്തിൽ തന്നെ ഒടുക്കവും കണ്ടെത്തുന്നു. അതുകൊണ്ട്, അധ്യാപകൻ പറഞ്ഞതനുസരിച്ച് ദീർഘകാലയളവിൽ ഒടുക്കം ശോഭനമല്ല. “അതിസൂക്ഷ്മ സാന്ദ്രതയുള്ള പിണ്ഡത്തിൽ” നിന്നുണ്ടായ പ്രപഞ്ചം, മനുഷ്യരടക്കം സകലതും കാലക്രമേണ പൂർണ്ണ നാശത്തിന് വിധിക്കപ്പെട്ടതാണ്.

നേരേമറിച്ച്, ഉൽപ്പത്തിയുടെ ദൈവവചന ആശയം ഇതിലും യുക്തി സഹം മാത്രമല്ല അനായാസേന ഗ്രഹിക്കാവുന്നതുമാണ്. സൃഷ്ടിച്ച ദൈവത്തിന് നന്ദി, കാരണം ദീർഘകാല ഭാവി പ്രതീക്ഷാനിർഭരമാണ്. അത് പ്രതീക്ഷാനിർഭരമാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിലാണ് ആ പ്രതീക്ഷകൾ.

**2 തിമോത്തി 4:6-8 വായിക്കുക. പൗലോസ് എന്ത് ചിന്തിക്കുന്നു? എന്തിലാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ?**

പൗലോസിനെ ഉടനെ വധിക്കുമെങ്കിലും, രക്ഷയുടെ ഉറപ്പിലാണ് അദ്ദേഹം ജീവിക്കുന്നത്. ക്രിസ്തുവിന്റെ വീണ്ടും വരവിലാണ് പ്രത്യാശ. പൗലോസ് പറയുന്നത് “അവന്റെ വരവ്” എന്നാണ് (2 തിമോ. 4:8). ഒരു “നീതിയുടെ കിരീടം” അദ്ദേഹത്തെ കാത്തിരിക്കുന്നു, തീർച്ചയായും അദ്ദേഹത്തിന്റെ നീതിയുടേതല്ല (1 തിമോ. 1:15), ക്രിസ്തുവിന്റെ നീതി. രണ്ടാം വരവിന്റെ വാഗ്ദത്ത പ്രത്യാശ അതിലാണെന്ന് പൗലോസിനറിയാം. സാഹചര്യങ്ങൾ ഇരുണ്ടതെങ്കിലും (ജയിലിൽ, വധശിക്ഷ കാത്തു കിടക്കുന്നു), ദീർഘകാല ഭാവി ശുഭമെന്ന് പൗലോസിനറിയാം. അതുകൊണ്ട് തൽക്കാല അവസ്ഥകളിലേക്ക് നോക്കാതെ വലിയ ചിത്രത്തിലേക്ക് നോക്കുന്നു.

**തൽസ്ഥിതി എന്തുമാവട്ടെ, പൗലോസിനുണ്ടായിരുന്ന പ്രത്യാശ നിങ്ങൾക്കും എങ്ങനെയുണ്ടാകും? വലിയ ചിത്രത്തിൽ നോക്കി ആ പ്രത്യാശയിൽ പ്രതീക്ഷയർപ്പിക്കാൻ എങ്ങനെ പഠിക്കാം?**

**ബുധൻ** **ജൂൺ 27**

## സ്വർഗ്ഗീയ മേഘങ്ങളിൽ

പ്രധാനവും നിർണ്ണായകവുമായ രണ്ടാം വരവ്. എന്നാൽ വചനം അനുസരിച്ച് യേശുവിന്റെ വ്യക്തിപരമായ യഥാർത്ഥ രണ്ടാം വരവാണെന്ന് ക്രിസ്ത്യാനികൾ കാണുന്നില്ല. ഉദാഹരണത്തിന്, യേശുവിന്റെ രണ്ടാം വരവ്

സംഭവിക്കുന്നത്, ക്രിസ്തു നേരിട്ട് ഭൂമിയിലേക്കു വരുമ്പോഴല്ല മറിച്ച് ആത്മാവ് ഭൗമസഭയിൽ നിറയുമ്പോഴാണെന്ന് ചിലർ തർക്കിക്കുന്നു. രണ്ടാം വരവ് സാദ്ധ്യമാകുന്നത് ക്രൈസ്തവ സന്മാർഗ്ഗ പാഠങ്ങൾ ജനത്തിൽ വെളിപ്പെടുമ്പോഴാണെന്ന് മറ്റു ചിലരും.

ഈ പഠിപ്പിക്കൽ അബദ്ധം ആണ്. ഇതിൽ എത്രമാത്രം നന്ദിയുള്ളവരായിരിക്കണം നാം? അത് സത്യമായിരുന്നെങ്കിൽ എന്ത് പ്രത്യാശയാണ്ന ഉണ്ടാവുക?

**രണ്ടാം വരവിനെക്കുറിച്ച് തുടർന്നുള്ള പുതിയ നിയമ വാക്യങ്ങൾ വായിക്കുക. ക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള എന്ത് പ്രത്യേകതകൾ അവ വെളിപ്പെടുത്തുന്നു?**

മത്താ. 24:30; 1 തെസ്സ. 4:16; മത്താ. 26:64; വെളി. 1:7; 2 തെസ്സ. 1:7-10

"ആകാശം തുറക്കുന്നതും അടയ്ക്കുന്നതും കാണാം. ദൈവസിംഹാസനത്തിൽ നിന്ന് മഹത്വം മിന്നൽ വേഗത്തിൽ പായുന്നു. പർവ്വതങ്ങൾ കാറ്റിലെ ഈറ്റ പോലെ വിറയ്ക്കുന്നു. തകർന്ന പാറകൾ ചിതറിക്കിടക്കുന്നു. കൊടുങ്കാറ്റു വരുംപോലെ ഒരു ഹുങ്കാരമുണ്ട്. സമുദ്രം ഉഗ്രകോപത്താൽ ആഞ്ഞടിക്കുന്നു. വിനാശ ദൗത്യത്തിനിറങ്ങിയ ദുരാത്മാക്കളുടെ രോദനം പോലെ ചുഴലിക്കാറ്റിന്റെ ആക്രോശം. ഭൂമി മുഴുവൻ കടലിലെ തിരപോലെ ആടിയുലയുന്നു. ഉപരിതലം പൊട്ടുന്നു. അടിസ്ഥാനങ്ങൾ ഇളകി. പർവ്വത ശൃംഘലകൾ മുങ്ങി. ആൾപാർപ്പുള്ള ദ്വീപുകൾ അപ്രത്യക്ഷമായി. മ്ലേച്ഛതയാൽ സോദോം പോലെയായ തുറമുഖങ്ങൾ ഇരയ്ക്കുന്ന തിരകൾ വിഴുങ്ങി. മഹതിയാം ബാബിലോൺ ദൈവമുന്നിൽ വന്നിരിക്കുന്നു, 'തന്റെ ക്രോധമദ്യം അവൾക്കു നൽകുവാൻ'." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 637.*

ക്രിസ്തുവിന്റെ വരവ് അത്ര വലിയ സംഭവമാണ്. ലോകത്തെ അക്ഷരാർത്ഥത്തിൽ അവസാനത്തിലെത്തിക്കുന്നു. അത് സംഭവിക്കുമ്പോൾ, എല്ലാവരും അറിയും. ആദ്യവരവിൽ യേശു നമുക്കുവേണ്ടി തുടങ്ങിയത് പിന്നത്തേതിൽ പൂർത്തീകരിക്കും.

**രണ്ടാം വരവെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നത് ജീവിതത്തെ ബാധിക്കുമോ, എങ്ങനെ? യഥാർത്ഥ പ്രാധാന്യം ഏതിനെന്ന് തിരിച്ചറിയുവാൻ അത് എങ്ങനെ സഹായിക്കും?**

**വ്യാഴം** **ജൂൺ 28**

## ജീവിച്ചിരിക്കുന്നവരും മരിച്ചവരും

സുഹൃത്ത് ലാസറിനെ കല്ലറയിൽ നിന്ന് ഉയർപ്പിക്കുന്നതിനു മുമ്പ്, യേശു ഈ വാക്കുകൾ പറഞ്ഞു: "ഞാൻ തന്നെ പനഃരുത്ഥാനവും ജീവനും

ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (യോഹ.11:25). ഇത്ര അവിശ്വസനീയമായത് അവകാശപ്പെട്ടിട്ട് വാക്കുകൾക്ക് ചെവികൊടുക്കാതെ മരിച്ച് നാറ്റംവച്ച ലാസറിനെ യേശു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിക്കുവാൻ പുറപ്പെട്ടു. (യോഹ. 11:39)

യേശുവിൽ വിശ്വസിക്കുന്നവരും മരിക്കുന്നു. അവർ മരിച്ചാലും ജീവിക്കും. ഇതാണ് മരിച്ചവരുടെ ഉത്ഥാനം. ഇതുകൊണ്ടാണ് യേശു ക്രിസ്തുവിന്റെ രണ്ടാം വരവ് പ്രത്യാശയുടെ കേന്ദ്രമായി മാറുന്നത്.

**ഈ വാക്യങ്ങൾ പ്രകാരം, ക്രിസ്തുവിൽ മരിച്ചവർക്ക് യേശുക്രിസ്തു മടങ്ങിവരുമ്പോൾ എന്തു സംഭവിക്കുന്നു?** റോമ. 6:5; 1. തെസ്സ. 4:16; 1കൊരി. 15:42-44, 53-55.

മരിച്ചവരിൽ നിന്ന് ഉയിർത്ത യേശു അനുഭവിച്ച ഉത്ഥാനമായിരിക്കും വിശ്വസ്തർക്ക് ലഭിക്കുക എന്നതാണ് രണ്ടാം വരവിന്റെ ഏറ്റവും വലിയ പ്രത്യാശ. അവർക്ക് പുനഃരുത്ഥാനത്തിൽ പ്രത്യാശയും ഉറപ്പുമുണ്ട്.

**ജീവനോടിരിക്കുന്നവർക്ക് യേശു വരുമ്പോൾ എന്തു സംഭവിക്കുന്നു?** ഫിലി. 3:21, 1തെസ്സ. 4:17.

യേശു മടങ്ങിവരുമ്പോൾ ജീവനോടുള്ള വിശുദ്ധർ ഭൗതീക ശരീരം നിലനിർത്തും. അത് ഇന്നത്തെ അവസ്ഥയിലായിരിക്കില്ല. മരിച്ചവരിൽ നിന്ന് ഉയിർത്തവരുടേതു പോലെ ദുഷിക്കാനാവാത്ത വിധം രൂപാന്തരം പ്രാപിച്ചതായിരിക്കും. "ജീവനോടിരിക്കുന്ന നീതിമാന്മാർ ക്ഷണത്തിൽ, കണ്ണിമയ്ക്കും വേഗത്തിൽ മാറ്റപ്പെടും. ദൈവസ്വരത്തിങ്കൽ അവർ മഹത്വീകരിക്കപ്പെട്ടു; ഇപ്പോൾ അവർ അമർത്യരായി, ഉയിർത്ത വിശുദ്ധർക്കൊപ്പം കർത്താവിനെ ആകാശമദ്ധ്യേ കാണുവാൻ പുറപ്പെട്ടു." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 645.*

**നിത്യജീവൻ ത്യജിച്ച്, ഈ ലോകത്തിൽ നിലനിർത്താൻ മാത്രം പ്രിയമുള്ളവയുടെ ലിസ്റ്റ് തയ്യാറാക്കുക. എന്താണതിലുള്ളത്?**

**വെള്ളി** **ജൂൺ 29**

**കൂടുതൽ പഠനം:** വീണുപോയ ഭൂമിയിൽ മനുഷ്യന്റെ പാപ, സഹന, കദന കഥകളുടെ അവസാന വാക്കോ, അനുബന്ധമോ, ശേഷവാക്കോ അല്ല ക്രിസ്തുവിന്റെ രണ്ടാംവരവ്. അത് അതിഗംഭീര പരിസമാപ്തിയാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ ബൃഹത് പ്രത്യാശ. അതില്ലെങ്കിൽ, എന്ത്? മാനവകുലത്തിന്റെ കഥ തുടർന്നുകൊണ്ടേയിരിക്കുന്നു. ഒരു ദാരുണ രംഗത്തിനു ശേഷം മറ്റൊന്ന്. ഒരു ദുരന്തത്തിനു ശേഷം മറ്റൊന്ന്. ഒടുക്കം എല്ലാം മരണത്തിൽ അവസാനിക്കും വരെ. ക്രിസ്തുവിന്റെ വീണ്ടും വരവ്, ജീവൻ വാഗ്ദാനം ചെയ്യുന്നു എന്ന പ്രത്യാശയില്ലാതെ, വില്ല്യം ഷേക്സ്പിയർ എഴുതി, "ജീവിതം ഒരു വിഡ്ഢി

പറഞ്ഞ കഥയാണ്, നിറയെ പൊട്ടലും ചീറ്റലും നിറഞ്ഞ, യാതൊന്നും സൂചിപ്പിക്കാത്ത ഒന്ന്." എന്നിട്ടും, നമുക്ക് പ്രത്യാശയുണ്ട്, കാരണം ദൈവ വചനം നമുക്കുവേണ്ടി അത് അരക്കിട്ട് ഉറപ്പിക്കുന്നു. ഈ ഉറപ്പ് നമുക്കുണ്ട്, കാരണം യേശു സ്വജീവൻ നമുക്കുവേണ്ടി മറുവിലയായി നൽകി (മർക്കൊ. 10:45). തുക നൽകി നേടിയതിനെ വീണ്ടെടുക്കാൻ യേശു വീണ്ടും വരിക യാണ്. ആകാശത്തിലെ നക്ഷത്രങ്ങൾ വീണ്ടും വരവിനെക്കുറിച്ച് നമ്മോടൊന്നും പറയുന്നില്ല. ചിലയ്ക്കുന്ന പക്ഷികൾ ഒന്നും വിളിച്ചറിയി ക്കുന്നില്ല. അവയിൽത്തന്നെ, പ്രത്യാശയുളവാക്കുന്ന ചില നല്ല കാര്യങ്ങ ളിലേക്ക് വിരൽ ചൂണ്ടിയേക്കാം. പക്ഷേ, ഒരുനാൾ യേശു മടങ്ങിവരു മ്പോൾ, "അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്ന വേഗത യിൽ നാം എല്ലാവരും രൂപാന്തരപ്പെടുമെന്ന്" (1കൊരി. 15:52) ഇവയൊന്നും നമ്മെ പഠിപ്പിക്കുന്നില്ല. ഒരുനാൾ നമ്മൾ മുകളിലേക്ക് നോക്കുമെന്നും "മനു ഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേ ഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും" (മർക്കോ. 14:62) എന്നും അവർ നമ്മെ പഠിപ്പിച്ചില്ല. ഇല്ല, നമ്മളിതറിയുന്നത് വചനത്തിൽ അങ്ങനെ പറഞ്ഞി ട്ടുള്ളതുകൊണ്ടാണ്. വചനത്തിൽ പറയുന്നത് നമ്മൾ വിശ്വസിക്കുന്നു.

**ചർച്ച:**

1. **ചിലർ വിശ്വസിക്കുന്നതു പോലൊന്നാണ് യേശുവിന്റെ രണ്ടാം വരവെന്ന് ചിന്തിക്കുക. അതായത് ക്രിസതുവിന്റെ അനുയായികളിൽ ക്രിസ്തീയ പ്രമാണങ്ങളുടെ പരിപൂർണ്ണ പ്രതിഫലനം ഉണ്ടാകുന്നത് രണ്ടാം വരവ്. എത്രതന്നെ മനോഹരമായാലും ഒടുവിൽ അത് യാതൊരു പ്രത്യാശയും തരുന്നില്ല, എന്തുകൊണ്ട്?**
2. **പ്രപഞ്ചോൽപത്തി ശൂന്യതയിൽ നിന്നായിരുന്നു എന്ന പ്രചുരപ്രചാരം നേടിയ ആശയം വെറും മഠയത്തമാകുന്നത് എന്തുകൊണ്ട്? നിത്യനായ ദൈവമാണ് എല്ലാം സൃഷ്ടിച്ചതെന്ന വിശ്വാസം എങ്ങനെ പ്രാപഞ്ചിക സത്യത്തിന് കുറച്ചുകൂടി യുക്തിയും ബുദ്ധിയും നൽകും?**
3. **നിത്യജീവൻ ത്യജിച്ച് നിലനിർത്തുവാൻ മാത്രം, ഈ ലോകത്തിൽ നിങ്ങൾക്ക് ഏറെ പ്രിയപ്പെട്ടവയുടെ പട്ടിക ക്ലാസ്സിൽ പങ്കുവയ്ക്കുക. പട്ടികകളിൽ നിന്ന് എന്ത് മനസ്സിലാക്കാം? അവയിൽ ഒന്നുമില്ലെങ്കിലോ, പലരെയും പോലെ ഈ ജീവിതത്തിൽ ഒന്നും തന്നെ രക്ഷയിൽ നിന്ന് നമ്മെ അകറ്റുന്നില്ലെന്ന് എങ്ങനെ ഉറപ്പിക്കാം?**

****

Published by Jose Prakash (9447836761) for South West India Union of Seventh-day Adventists, Evergreen lane, Moospet road, Thrissur-680005. Ph:0487-2440341. Type setting: C. J. Antony and Printing @ Ebenezer Printers, Thrissur Ph:0487-2361892.